**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് - സ്റ്റേഡിയത്തിന് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കേസിലെ കോടതി വിധിയനുസരിച്ചുള്ള തുക ബന്ധപ്പെട്ട കക്ഷികൾക്ക് നൽകുന്നതിനായി ചെറുവണ്ണൂർ സർവീസ് സഹകരണ ബാങ്കിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.1320/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/07/2020

---

പരാമർശം:- 1 ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.08.2019 തീയതിയിലെ എ 3/ 2764/2019 നമ്പർ കത്ത്.

2 പഞ്ചായത്ത് ഡയറക്ടറുടെ 16.02.2020 തീയതിയിലെ PAN/16800/2019-C5 (DP) നമ്പർ കത്ത്.

**ഉത്തരവ്**

ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് നിരപ്പം സ്റ്റേഡിയം നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ തുക അപര്യാപ്തമായതിനാൽ ഭൂവുടമകൾ കേസ് ഫയൽ ചെയ്യുകയും കോടതി അനുകൂല വിധി പുറപ്പെടുവിക്കുകയും ചെയ്തു. കോടതി വിധി പ്രകാരം അടിയന്തരമായി തുക അടയ്ക്കുന്നതാണ് ഉചിതം എന്ന ഗവണ്മെന്റ് പ്ലീഡർറുടെ നിയമോപദേശ പ്രകാരം ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെറുവണ്ണൂർ സർവീസ് സഹകരണ ബാങ്കിൽ നിന്നും ഇരുപത്തഞ്ച് ലക്ഷം രൂപ വായ്പ്പ എടുക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശം (1) പ്രകാരം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

ഒരു സാമ്പത്തിക വർഷം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന പൊതു ആവശ്യ ഗ്രാന്റ് ഒരു കോടിയിൽ പരം രൂപയായതിനാൽ 25 ലക്ഷം രൂപയുടെ പലിശയിനത്തിലുള്ള തുക ഇതിൽ നിന്ന് കണ്ടെത്താവുന്നതാണെന്നും, വായ്പ്പയുടെ മുതൽ വാർഷിക പദ്ധതിയിലുൾപ്പെടുത്തി വികസന ഫണ്ടിൽ നിന്നും തിരിച്ചടയ്ക്കുന്നതിന് അനുവദിക്കാവുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. 1963 ലെ കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ടിലെ സെക്ഷൻ 3 (1) പ്രകാരം വായ്പ്പയ്ക്കുള്ള അപേക്ഷയ്ക്ക് സാധുതയുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയം നിർമ്മാണത്തിന് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് കോടതി വിധിയനുസരിച്ചുള്ള തുക ബന്ധപ്പെട്ട കക്ഷികൾക്ക് നൽകുന്നതിനായി ചെറുവണ്ണൂർ സർവീസ് സഹകരണ ബാങ്കിൽ നിന്നും 25,00,000 രൂപ (ഇരുപത്തിയഞ്ചു ലക്ഷം രൂപ മാത്രം ) വായ്പയെടുക്കുന്നതിനുള്ള അനുമതിയും, ആയതിന്റെ പലിശയിനത്തിലുള്ള തുക പൊതു ആവശ്യ ഗ്രാന്റിൽ നിന്ന് അടയ്ക്കുന്നതിനും, മുതൽ ഇനത്തിലുള്ള തുക ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന വികസന ഫണ്ടിൽ നിന്നും വാർഷിക പദ്ധതിയിലുൾപ്പെടുത്തി തിരിച്ചടയ്ക്കുന്നതിനുമുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/പ്രസിഡന്റ്, ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by S BINDU
Date: 2020.07.02 16:51:13 IST
Reason: Approved

സെക്ഷൻ ഓഫീസർ